# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 314      27/02/2017-ൽ മറുപടിക്ക്

## തിരുവനന്തപുരം ആർ.സി.സി.യിൽ ട്യൂമർ ബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | തിരുവനന്തപുരം ആർ.സി.സി.യിൽ ക്യാൻസർ ചികിത്സ അന്താരാഷ്ട്ര മാതൃകയിൽ നടപ്പിലാക്കുന്നതിനായി ട്യൂമർ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാ ക്കാമോ; | എ) | ക്യാൻസർ ചികിത്സയ്ക്ക് പ്രധാനമായും റേഡിയേഷൻ ഓങ്കോളജിസ്റ്റ്, മെഡിക്കൽ ഓങ്കോളജിസ്റ്റ്, സർജിക്കൽ ഓങ്കോളജിസ്റ്റ് എന്നീ ക്യാൻസർ വിദഗ്ധൻമാരുടെ സേവനം ആവശ്യമുണ്ട്. ഈ മൂന്നു ചികിത്സാ രീതികളെയും സമന്വയിപ്പിച്ചു-കൊണ്ടുള്ള ചികിത്സയാണ് ലോകോത്തര ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ നടത്തുന്നത്. ടാറ്റാ മെമ്മോറിയൽ സെന്റർ, ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, മലബാർ ക്യാൻസർ സെന്റർ തുടങ്ങിയ മേജർ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിലും ഈ സംയോജിത ചികിത്സാരീതിയാണ് അനുവർത്തിച്ചുപോരുന്നത്. രോഗികളുടെ ഉത്തമ താൽപ്പര്യം മുൻനിർത്തിയാണ് ഈ രീതി നടപ്പിലാക്കുന്നത്. ആർ.സി.സിയിലും വ്യത്യസ്ത ചികിത്സാ വിഭാഗങ്ങളിലൂടെ ഈ മൂന്ന് വിദഗ്ധൻമാരുടെയും സേവനം രോഗികൾക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ മൂന്ന് വിഭാഗങ്ങളിലെയും വിദഗ്ധരെ ഒരേ ക്ലിനിക്കിൽ തന്നെ ലഭ്യമാക്കിക്കൊണ്ട് 2017 ജനുവരി മാസം രണ്ടാം തീയതി മുതൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് ആർ.സി.സിയിൽ രൂപീകരിച്ചു കൊണ്ട് ഉത്തരവായി. ഇതു-വഴി ഓരോ ക്യാൻസർ രോഗത്തിനുമുള്ള സമഗ്ര ചികിത്സ രോഗികൾക്ക് ലഭ്യമാക്കുവാനും അതുവഴി ചികിത്സാ ഗുണനിലവാരം ഉയർത്തുവാനും സാധിക്കും. |

| | | | |
|---|---|---|---|
| ബി) | പുതുതായി എത്തുന്ന രോഗികളുടെ ചികിത്സ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള ഉത്തരവാദിത്തം ബോർഡിൽ മാത്രം നിക്ഷിപ്തമാക്കിയിട്ടുണ്ടോ; | ബി) & സി) | പുതുതായി എത്തുന്ന രോഗികൾക്ക് ചികിത്സ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത് മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡാണ്. എന്നാൽ ഈ ബോർഡ് കൈക്കൊള്ളുന്ന തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഇതിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മെഡിക്കൽ ഓങ്കോളജി, പീഡിയാട്രിക് ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ എന്നീ വകുപ്പ് മേധാവികളെ കാതൽ അംഗങ്ങളാക്കി (Core members) ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ മീറ്റിംഗുകളിൽ ഓരോ വിഭാഗത്തിലേയും മുതിർന്ന ഫാക്കൽട്ടികളേയും ക്ഷണിക്കാറുമുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. |
| സി) | ഉണ്ടെങ്കിൽ അതിന്റെ പ്രായോഗിക വിഷമതകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ